**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കരാർ പ്രകാരം 2019 ഡിസംബറിൽ പൂർത്തിയാക്കേണ്ടിയിരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; | (എ) | കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിന് കഴിയാതെ വന്ന സാഹചര്യത്തിൽ കൺസഷണയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരി ക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കുവാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണം 1800 മീറ്റർ പൂർത്തിയായി. ടഗ്ഗുകൾ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് മറ്റ് ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്ന വിധത്തി ലാണ് പണികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) | ശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; ഇതിൽ സംസ്ഥാന സർക്കാർ ചെയ്യേണ്ട പ്രവൃത്തികൾ എന്തെല്ലാമാണ്; | (ബി) | പുലിമുട്ട്, ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, യാർഡ്, റോഡ് തുടങ്ങിയ പ്രധാന ഘടകങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിക്കുവാനുണ്ട്. ഇത് കരാർ കമ്പനിയുടെ ചുമതലയാണ്. തുറമുഖത്തെ ബാലരാമപുരം റയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽ കണക്ടിവിറ്റി പദ്ധതി നടപ്പാക്കുന്ന ചുമതല സംസ്ഥാന സർക്കാരിനാണ്. ഇതിനുള്ള DPR ന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കരിങ്കല്ലിന്റെ ലഭ്യതക്കുറവ് മൂലം പുലിമുട്ട് നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ | (സി) | പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് കണ്ടെത്തുന്നതിന് കരാർ കമ്പനിക്ക് സാധിക്കാതെ വന്നതിനാലാണ് നിർമ്മാണം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | | പൂർത്തീകരിക്കുവാൻ കഴിയാതെ വന്നത്. കരാർ പ്രകാരം നിർമ്മാണ പ്രവർത്തികൾക്കുള്ള കരിങ്കല്ല് ഉൾപ്പെടെയുള്ള സാമഗ്രികൾ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. ചെറുകിട ക്വാറികളിൽ നിന്നും, വിതരണക്കാരിൽ നിന്നും കരിങ്കല്ല് ലഭ്യമാക്കാനുള്ള കരാർ കമ്പനിയുടെ ശ്രമം വിജയം കണ്ടില്ല. ഇതേ തുടർന്ന് സ്വന്തമായി ക്വാറികൾ ആരംഭിച്ചും മറ്റ് സംരംഭകരുമായി സഹകരിച്ചും പാറ കണ്ടെത്തുവാനാണ് ശ്രമിക്കുന്നത്. ഇതിനായി രണ്ട് ക്വാറികൾ അദാനി കമ്പനിക്കും, 50% പാറ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിന് നൽകുമെന്ന വ്യവസ്ഥയിൽ 3 ക്വാറികൾ സ്വകാര്യ പങ്കാളികൾക്കും അനുവദിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ നിയന്ത്രണങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ 5 ക്വാറികൾക്ക് കൂടി പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും പാറ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് വേണ്ട ഇടപെടലുകളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ